**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 59** **07-10-2024 - ൽ മറുപടിയ്ക്ക്**

**ടെക്നാൽ ഐ.ടി. ബിസിനസ് ഇൻക്യൂബേറ്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കാട്ടാക്കട നിയോജകമണ്ഡലത്തിൽ കാട്ടാൽ ഇൻഡസ്ട്രിയൽ ഡെവലപ്‌മെന്റ് കൗൺസിലിന്റെ നേതൃത്വത്തിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ടെക്നാൽ ഐ.ടി. ബിസിനസ് ഇൻക്യൂബേറ്റർ പദ്ധതിയുടെ പ്രൊപ്പോസൽ കെ-ഡിസ്കിന്റെ വർക്ക് നിയർ ഹോം പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത പദ്ധതി അതിവേഗം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കാമോ; വിശദമാക്കുമോ? | (എ) | വീടിനടുത്തുതന്നെ തൊഴിലിടം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ കെ-ഡിസ്ക് മുഖേന രൂപീകരിച്ച പദ്ധതിയാണ് വർക്ക് നിയർ ഹോം. നിലവിൽ ഈ പൈലറ്റ് പദ്ധതിയുടെ നടത്തിപ്പിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയ കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ)-നെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. പൈലറ്റ് പദ്ധതി ആയി 10 സ്ഥലങ്ങളിലാണ് ഈ പദ്ധതി നിർവഹിക്കുന്നത്.<br><br>ഇതിൽ പങ്കാളികളാകാൻ യോഗ്യരായവരിൽ നിന്നും കെ.എസ്.ഐ.ടി.ഐ.എൽ താത്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെടുന്ന പങ്കാളികളുടെ സാധ്യതപഠനത്തിന്റെ അടിസ്ഥാനത്തിലായിരിക്കും പൈലറ്റ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള സ്ഥലങ്ങൾ തിരഞ്ഞെടുക്കുക. പൈലറ്റ് പദ്ധതിയിൽ പരിഗണിക്കുന്നതിന്റെ ഭാഗമായി, കാട്ടാക്കട നിയോജകമണ്ഡലത്തിൽ സാധ്യതാ പഠനം നടത്തി കാട്ടാൽ ഇൻഡസ്ട്രിയൽ ഡെവലപ്‌മെന്റ് കൗൺസിലിന്റെ നേതൃത്വത്തിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ടെക്നാൽ ഐ.ടി. ബിസിനസ് ഇൻക്യൂബേറ്റർ പദ്ധതി വർക്ക് നിയർ ഹോം പദ്ധതിയുമായി ബന്ധിപ്പിക്കാൻ സാധിക്കുമോയെന്ന് കെ.എസ്.ഐ.ടി.ഐ.എൽ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ